വുകയുള്ളു. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ മറ്റൊരു കാര്യം പുതിയ ഒരു കുഴൽകിണർ കുഴിക്കുന്നതിനെ സംബന്ധിച്ചാണ്. തീർച്ചയായും ഞാൻ ആ കാര്യത്തിനുവേണ്ട നിർദ്ദേശം കൊടുക്കാം. ഒരാളെ അയയ്ക്കാം. വെള്ളം ഉണ്ടെങ്കിൽ അവിടെ ഒരു കുഴൽകിണർ കുഴിക്കാം. എഴുപുന്ന പഞ്ചായത്തിലെ പൈപ്പ്ലൈനിനെക്കുറിച്ച് പറഞ്ഞു. കീഴിയുന്നിടത്തോളം ആ പൈപ്പ് ലൈൻ നിലനിർത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കാം. കൂടുതൽ ഹരിജനങ്ങൾ പാർക്കുന്ന ആ പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ കൊണ്ടുവരുന്നതിനുള്ള നടപടികളും എടുക്കാം. മറ്റ് ഓരോ പഞ്ചായത്തിനെക്കുറിച്ചും ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒക്കെയും ഞാൻ ശ്രദ്ധയോടെ നോട്ട് ചെയ്തിട്ടുണ്ട്. അതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(53) സെപ്റ്റംബർ പരീക്ഷകൾ നടത്തുന്നതു സംബന്ധിച്ച്

ശ്രീ. ബേബി ജോൺ: സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ചില വസ്തുതകൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ വഴി ഉദ്ദേശിക്കുന്നത്. ഈ രംഗം ഏതാണ്ട് താറുമാറായി കിടക്കുകയാണ്, നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല ഇന്ന് അനാഥാവസ്ഥയിലാണ്. സമയത്ത് പരീക്ഷകൾ നടത്തുന്നില്ല, നടത്തിയാൽത്തന്നെ സമയത്ത് ഫലപ്രഖ്യാപനം ഉണ്ടാകില്ല. അഥവാ ഫലപ്രഖ്യാപനം ഉണ്ടായാൽത്തന്നെ മുഴുവനും തെറ്റുമായിരിക്കും.

ഇപ്പോഴത്തന്നെ സെപ്റ്റംബർ പരീക്ഷ നടത്തേണ്ട സമയം കഴിഞ്ഞിട്ടും എന്നത്തേക്ക് നടത്തുമെന്നറിയില്ല. അതുപോലെ മറ്റു ഡിഗ്രി പരീക്ഷകൾ നടന്നിട്ടില്ല. കഴിഞ്ഞ വർഷത്തെ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് പരീക്ഷാഫലം രണ്ടാഴ്ചയ്ക്കു മുമ്പാണ് പ്രസിദ്ധീകരിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ വളരെയധികം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന്റെ രണ്ട് സ്റ്റാൻഡിംഗ് കമ്മിറ്റികൾ കഴിഞ്ഞ പ്രീ-ഡിഗ്രി പരീക്ഷാ ഫലപ്രഖ്യാപനത്തെക്കുറിച്ചുള്ള പരിശോധനകളെക്കുറിച്ചും നിഗമനങ്ങളെക്കുറിച്ചും ഒക്കെ ഇന്നത്തെ കേരള കൗമുദിയിൽ പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞിരിക്കുന്നത്, വളരെയേറെ ക്രമക്കേടുകൾ ഈ രംഗത്തുണ്ടായിട്ടുണ്ടെന്നാണ്. ആ ക്രമക്കേടുകൾ തോറ്റവരെ ജയിപ്പിക്കുകയും തേഡ് ക്ലാസ്സുകാരെ സെക്കൻഡ് ക്ലാസ്സുകാരും ഫസ്റ്റ് ക്ലാസ്സുകാരും ആക്കിത്തീർക്കുകയും ചെയ്തതുംപ്പെടെയുള്ള അമ്പരപ്പിക്കുന്ന നിരവധി അക്രമങ്ങൾക്ക് ഇടയാക്കിയെന്ന് അവർ പറയുന്നു. ഇതെന്റെ അഭിപ്രായമല്ല, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അഭിപ്രായമാണ്. ടാബുലേഷൻ ഷീറ്റിൽ മനഃപൂർവ്വമായി കൃത്രിമങ്ങൾ കാണിച്ചതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഏതാണ്ട് 96,000 വിദ്യാർത്ഥികളാണ് കഴിഞ്ഞ വർഷം കേരള യൂണിവേഴ്സിറ്റിയിൽ പ്രീ-ഡിഗ്രിക്കുവേണ്ടി എഴുതിയത്. പല തവണകളായി പ്രസിദ്ധീകരിച്ച ഫലപ്രഖ്യാപനങ്ങളെല്ലാം കൂടി കണക്കിലെടുത്താൽ ഇനി ബാക്കി എഴുപതിനായിരം പേരുടെ റിസൾട്ട് പ്രസിദ്ധീകരിക്കുവാനുണ്ട്: അതായത് എഴുപതിനായിരം പേർ തോറ്റെന്ന നിഗമനത്തിലാണ് എത്തേണ്ടത്. കൂടെ ഫലപ്രഖ്യാപനം അവിടെ തടഞ്ഞുവച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോയെന്ന് എനിക്കറിയില്ല. ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കനുസരിച്ച് എഴുപതിനായിരം പേർ തോറ്റവരാണ്. അത് ഈ യൂണിവേഴ്സിറ്റിയിലെ കാര്യമാണ്. അതുപോലെ മറ്റു യൂണിവേഴ്സിറ്റികളിലുമുണ്ട്. സമയത്തു പരീക്ഷ നടത്തിയില്ലെങ്കിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയധികമുണ്ട്. അതിനെക്കുറിച്ച് ആലോചിക്കണം. സെപ്റ്റംബർ, ഒക്ടോബർ പരീക്ഷകൾ നീട്ടിവച്ചു, അതിന്റെ ഫലമായിട്ട് സ്വാഭാവികമായും മാർച്ച് പരീക്ഷയും നീട്ടിവയ്ക്കും. സമയത്ത് പരീക്ഷ നടത്തുകില്ലെന്നുള്ളത് പണ്ടു മുതൽക്കേ കേരള യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരുന്ന ഒരു പ്രത്യേകതയാണ്. അത് മാറിക്കൊണ്ടുവരികയായിരുന്നു. ഇപ്പോൾ വീണ്ടും പരീക്ഷകൾ അനിശ്ചിതകാലത്തേക്ക് നീട്ടിക്കൊണ്ടുപോകുന്നു. അങ്ങനെ നീട്ടിക്കൊണ്ടുപോയാലുള്ള ദോഷമെന്താണെന്നറിയാമോ? ഇത് ഒന്നുരണ്ടാളുകളെ ബാധിക്കുന്ന കാര്യമല്ല. ആയിരക്കണക്കിനു കുഞ്ഞുങ്ങളെയും രക്ഷിതാക്കളെയും ബാധിക്കുന്ന പ്രശ്നമാണ്. ഇവർക്ക് ആർക്കെങ്കിലും സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്നതിന് പ്രവേശനം ലഭിക്കുമോ? ലഭിക്കില്ല. കഴിഞ്ഞ പ്രാവശ്യംതന്നെ ഇവർക്ക് ഒരു വർഷം നഷ്ടപ്പെട്ടു. ഇനിയും ഒരുവർഷം നഷ്ടപ്പെടണോ? രണ്ടുവർഷത്തെ ഭാവി ഇവർക്ക് നഷ്ടപ്പെടുകയാണ്. ഞാൻ ഒരു നിയോജകമണ്ഡലത്തിലെ മാത്രം കാര്യമല്ല പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ ഭാവി തലമുറയെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നം അങ്ങയുടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇതിന് ഒരു പോംവഴി കണ്ടേ മതിയാകൂ. ഞാൻ ആരേയും കുറ്റപ്പെടുത്താൻ പറയുന്നതല്ല. ഈ സ്ഥിതി ഇങ്ങനെ തുടർന്നാൽ എങ്ങനെയാണ്?

എഞ്ചിനിയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നാലു വർഷത്തെ കോഴ്സാണുള്ളത്. ഇപ്പോൾ അഞ്ച്, അഞ്ചര വർഷത്തോളം ആകുന്നുണ്ട്. ഇതൊക്കെ സാധാരണ നടന്നുവരുന്ന സംഭവങ്ങളാണ്. കഴിഞ്ഞ പ്രീ-ഡിഗ്രി പരീക്ഷാഫലപ്രഖ്യാപനത്തിൽ വളരെയേറെ ക്രമക്കേടുകൾ വന്നു; കാലതാമസം വന്നു. ടാബുലേറ്റർമാർക്ക് പരീക്ഷാ കൺട്രോളർ തെറ്റായ നിർദ്ദേശങ്ങൾ നൽകിയതുകൊണ്ടാണ് ഈ കുഴപ്പങ്ങളൊക്കെയുണ്ടായത്. ധനദുർവിനിയോഗം നടത്തിയതായി സ്റ്റാൻഡിംഗ് കമ്മിറ്റി പറയുന്നു. ഇങ്ങനെ ആകെകൂടി കഴിഞ്ഞ പ്രാവശ്യത്തെ പരീക്ഷാ നടത്തിപ്പിൽ ക്രമക്കേടുകളും ധനദുർവിനിയോഗവും നടന്നിരിക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽത്തന്നെ പ്രീ-ഡിഗ്രിയിലും മറ്റു ഡിഗ്രി ക്ലാസുകളിലുമൊക്കെയായിട്ട് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കത്തക്കവിധത്തിലാണ് നമ്മുടെ യൂണിവേഴ്സിറ്റിയിൽ പരീക്ഷാക്രമങ്ങൾ നടന്നത്. ഗവൺമെന്റ് ഒരുപക്ഷേ പറയും, ''ഇതൊരു ആട്ടോണോമസ് ബോഡിയാണ്, ഗവൺമെന്റിന് ഇതിൽ ഉത്തരവാദിത്വമൊന്നുമില്ല'' എന്ന്. നമുക്കാർക്കും അങ്ങനെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ പറ്റില്ല. ആ ഉത്തരവാദിത്വം നമ്മൾ ഏറ്റെടുത്തേ മതിയാകൂ. ആ ഉത്തരവാദിത്വം ഏറ്റെടുത്തിട്ട് കുഞ്ഞുങ്ങളുടെയും നാടിന്റെയും ഭാവി അപകടപ്പെടുത്തുന്ന ഈ പ്രവണത അവസാനിപ്പിക്കുവാൻ കൃത്യസമയത്ത് പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തേണ്ട പ്രീ-ഡിഗ്രി പരീക്ഷ ഇനിയും ആരംഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ളതും, ഉണ്ടാകാൻ ഇടയുള്ളതുമായ ഗുരുതരമായ സ്ഥിതിവിശേഷത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട ബേബിജോൺ നോട്ടീസ് നൽകിയിരുന്നത്. പക്ഷേ അദ്ദേഹം ഇവിടെ പറഞ്ഞത്, മറ്റു പല കാര്യങ്ങളാണ്. ആ കാര്യങ്ങളെക്കുറിച്ച് ഞാൻ നോക്കിയിരുന്നില്ല. എന്നാലും അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതുംകൂടി പരാമർശിക്കാതിരിക്കുന്നത് ശരിയല്ല.

ആദ്യമായി സെപ്റ്റംബർ പരീക്ഷയെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. പ്രീ-ഡിഗ്രി സെക്കൻഡ് ഇയർ പരീക്ഷ ഇന്നലെ (30-12-1986) തുടങ്ങിക്കഴിഞ്ഞു. പ്രധാനപ്പെട്ട എല്ലാ പേപ്പറുകളുടേയും പരീക്ഷ ജനുവരി പന്ത്രണ്ടാം തീയതിയോടുകൂടി പൂർത്തിയാകും. 30, 31, 1 എന്നീ തീയതികളിൽ പാർട്ട്-1 ഇംഗ്ലീഷിന്റെ ഒന്നും രണ്ടും മൂന്നും പേപ്പറുകളുടെയും 5, 6 തീയതികളിൽ സെക്കൻഡ് ലാംഗ്വേജിന്റെ പാർട്ട് ഒന്നും രണ്ടും പേപ്പറുകളുടേയും പരീക്ഷകളാണ് നടക്കുന്നത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷക്കിരിക്കുന്നത് ഇംഗ്ലീഷ് പേപ്പറിനാണ്. ആകെ മുപ്പത്തയ്യായിരം വിദ്യാർത്ഥികളാണ് പ്രീ-ഡിഗ്രി സെപ്റ്റംബർ പരീക്ഷക്ക് പണമടച്ചിട്ടുള്ളതും ഇപ്പോൾ പരീക്ഷയെഴുതുന്നതും.

അതുപോലെതന്നെ ബി. എ., ബി. എസ്. സി., ബി. കോം. എന്നീ ഡിഗ്രികൾക്ക് സെക്കൻഡ് ഇയറിനും തേഡിയറിനുമാണ് പരീക്ഷകൾ നടത്തിയിരുന്നത്, ഫസ്റ്റിയറിന് പരീക്ഷയില്ല. അവ ജനുവരി രണ്ടാം തീയതി ആരംഭിച്ച് എട്ടാം തീയതി അവസാനിക്കുന്ന് അങ്ങനെയാണ് പരീക്ഷ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. യൂണിവേഴ്സിറ്റി പരീക്ഷകൾ ക്രമാതീതമായി നീണ്ടുപോകുന്നത് ശരിയല്ലായെന്ന് അദ്ദേഹം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അതനുസരിച്ച് സമയക്രിപ്തത പാലിച്ചുകൊണ്ട് മാർച്ചിലും സെപ്റ്റംബറിലും തന്നെ പരീക്ഷകൾ നടത്തുകയെന്നുള്ള രീതിയിലാണ് നടത്തിക്കൊണ്ടു പോകുന്നത്. ഇത് പലപ്പോഴും പല കാരണങ്ങളാൽ നീണ്ടുപോയിക്കൊണ്ടിരുന്നു. ആ ദൈർഘ്യം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും ഗാന്ധിജി യൂണിവേഴ്സിറ്റിയിലും കൃത്യമായി പരീക്ഷകൾ നടന്നു, ഫലപ്രഖ്യാപനവും വന്നുകഴിഞ്ഞു. ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ പ്രീഡിഗ്രി സെക്കൻഡ് ഇയർ പരീക്ഷയുടെ ഫലവും പുറത്തുവന്നുകഴിഞ്ഞു. കേരള യൂണിവേഴ്സിറ്റിയിൽ ചില പ്രത്യേക സാഹചര്യങ്ങൾ നിലനിൽക്കുകയാണ്. ആ സാഹചര്യങ്ങളെ മാറ്റിക്കൊണ്ട് കൃത്യമായി പരീക്ഷകൾ നടത്തണമെന്നുതന്നെയാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ശ്രീ. ബേബിജോണും വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അതുകൊണ്ട് അദ്ദേഹത്തിനും അറിയാവുന്ന കാര്യമാണ്; നമ്മുടെ യൂണിവേഴ്സിറ്റി നിയമമനുസരിച്ച് യൂണിവേഴ്സിറ്റികൾക്ക് പ്രത്യേക ഉത്തരവു കൊടുക്കുവാനുള്ള യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

അധികാരമോ, അവകാശമോ ഗവൺമെൻറിന് ഇല്ലെന്നുള്ളത്. പിന്നെ ഔദ്യോഗികമായി, മന്ത്രിയെന്നുള്ള നിലയിൽ അല്ലെങ്കിൽ ഗവൺമെൻറിന്റെ പേരിൽ, ഗവൺമെൻറിന്റെ പ്രതിനിധികളെ സിൻഡിക്കേറ്റിൽ പങ്കെടുക്കുമ്പോൾ, ഗവൺമെൻറിന്റെ അഭിപ്രായം അവിടെ അറിയിക്കാറുണ്ട്. ഗവൺമെൻറിന്റെ അഭിപ്രായം അവിടെ മാനിക്കപ്പെടുന്നില്ലെന്നു ഞാൻ പറയുന്നില്ല, ഗവൺമെൻറിന് ഇക്കാര്യത്തിൽ ചില പരിമിതികളുണ്ട്. സിൻഡിക്കേറ്റാണ് പരീക്ഷാ തീയതി നിശ്ചയിക്കുന്നതും പരീക്ഷകളും നടത്തുന്നതും. ഇടയ്ക്ക് സിൻഡിക്കേറ്റിൽ പ്രീഡിഗ്രി ബോർഡുമായി ബന്ധപ്പെട്ട് സമരം നടന്നു. ആ സമരത്തെത്തുടർന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനെ സസ്പെൻഡ് ചെയ്തിരിക്കുന്നു. ആ സിൻഡിക്കേറ്റ് ഉടനെ റീഇൻസ്റ്റേറ്റ് ചെയ്തു. അവരാണ് ഷെഡ്യൂളും തയ്യാറാക്കുന്നതും പരീക്ഷകളും നടത്തിക്കൊണ്ടുവരുന്നതും.

അതുപോലെ കേരളകൗമുദി പത്രത്തിൽവന്ന വാർത്തയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിനെക്കുറിച്ച് ഇന്നുരാവിലെ യൂണിവേഴ്സിറ്റിയുടെ ബന്ധപ്പെട്ട അധികാരികളുമായി ഫോണിൽ ഞാൻ സംസാരിക്കുകയുണ്ടായി. അവർ പറഞ്ഞത്, ഔദ്യോഗികമായ ഒരു റിപ്പോർട്ട് യൂണിവേഴ്സിറ്റിയിൽ സബ്മിറ്റ് ചെയ്തിട്ടില്ലായെന്നാണ്. പത്രത്തിൽ വന്ന വാർത്തയെക്കുറിച്ച് ചോദിച്ചപ്പോൾ, അതിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്ത്, ഇപ്പോൾ രജിസ്ട്രാറുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനെക്കൊണ്ടേൽപ്പിക്കുകയാണ് ചെയ്തത്. ഔദ്യോഗികമായി സബ്മിറ്റ് ചെയ്തിട്ടില്ല; ഔദ്യോഗികമായിട്ട് വി. സി. റിസീവ് ചെയ്തിട്ടുമില്ലായെന്നാണ് എന്നോടു പറഞ്ഞത്. ഇന്നുരാവിലെ ടെലിഫോണിൽക്കൂടി സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞതാണിത്. പത്രത്തിൽ ഈ വാർത്ത വായിച്ചപ്പോഴാണ് ഞാൻ ഇതിനെക്കുറിച്ച് വിളിച്ചുചോദിക്കുവാൻ ഇടയായത്.

ബഹുമാനപ്പെട്ട ബേബിജോൺ ഒരു കാര്യം മനസ്സിലാക്കണം, രണ്ട് കമ്മിറ്റികളുടേയും റിപ്പോർട്ടുകൾ തയ്യാറാക്കിയത് രാജനും ഉണ്ണികൃഷ്ണപിള്ളയുമാണ്. അവർ ഏതു പാർട്ടിയിൽ എങ്ങനെ പ്രവർത്തിക്കുന്നു, അവരുടെ പ്രതികരണമെന്താണെന്നൊക്കെ ഞാൻ പറയാതെതന്നെ അങ്ങേക്ക് അറിയാവുന്നതാണ്. അതെന്തു കാര്യവുമാകട്ടെ, അതിലേക്ക് ഞാൻ കടക്കുന്നില്ല. നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളല്ലാതെയുള്ള കാര്യങ്ങളെക്കുറിച്ച് ഞാൻ ഇൻഫോർമലായിട്ട് വിളിച്ച്, അന്വേഷിച്ചപ്പോൾ എനിക്ക് കിട്ടിയ വിവരമാണ് ഞാൻ ഇവിടെ പറഞ്ഞത്. ഏതായാലും പരീക്ഷകൾ കൃത്യമായി നടത്തിക്കൊണ്ടുപോകാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

ബഹുമാനപ്പെട്ട ബേബി ജോൺ പറഞ്ഞതുപോലെ എഴുപതിനായിരം വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചിരിക്കുന്നു, അല്ലെങ്കിൽ ഫലം പ്രസിദ്ധീകരിച്ചിട്ടില്ലെന്നു പറഞ്ഞത് ശരിയല്ല. നേരത്തെയുണ്ടായിരുന്ന കാര്യങ്ങളെല്ലാം പരിഹരിച്ച് ഏതായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് യൂണിവേഴ്സിറ്റി രജിസ്ട്രാർ എന്നോട് പറഞ്ഞത്. ഇപ്പോൾ മുപ്പത്തിഅയ്യായിരം കുട്ടികൾ മാത്രമാണ് സെപ്റ്റംബർ പരീക്ഷ എഴുതുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരുടെ പരീക്ഷ തുടങ്ങിക്കഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഈ പരീക്ഷകം നടത്തിയതിനുശേഷം സെൻട്രലൈസ്ഡ് വാലേഷൻ നടത്തി, റിസൽട്ട് എത്രയും വഗം കൊണ്ടുവരുന്നതാണെന്ന് യൂണിവേഴ്സിറ്റി അധികാരികം എന്നെ അറിയിച്ചിട്ടുണ്ട്.

(54) വടകര മുനിസിപ്പാലിറ്റിയിലെ ഗ്രന്ഥശാലകം അനുവേക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വടകര മുനിസിപ്പാലിറ്റിയിൽ കേരള ഗ്രന്ഥശാലാ സംഘം അംഗീകരിച്ചിട്ടുള്ള ഏഴ് വായനശാലകളിൽ പത്രങ്ങം വാങ്ങുവാനുള്ള സംഖ്യ വടകര മുനിസിപ്പാലിറ്റിയിൽ നിന്നാണ് കൊല്ലങ്ങളായി കൊടുത്തുവരുന്നത്. ഒരു സർക്കാർ കല്പനയുടെ അടിസ്ഥാനത്തിലാണ് കൊടുത്തുവന്നിരുന്നത്. ആ സർക്കാർ കല്പനയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയുടെ കല്പനയും പസ്സാക്കിയിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പ് ആഡിറ്റ് നടത്തിയപ്പോം, സർക്കാർ കല്പനയുടെ കോപ്പി അവിടെ കണ്ടില്ലെന്നുള്ള കാരണത്താൽ ആഡിറ്റ് ഒബ്ജക്ഷനുണ്ടാകുകയും ഒരു ആഡിറ്റ് വിശദീകരണം ആവശ്യപ്പെടുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയും ഗവൺമെന്റും തമ്മിൽ എഴുത്തുകുത്ത് നടക്കുകയാണ്. കൊല്ലങ്ങളായി കൊടുത്തുവരുന്ന ഈ ഗ്രാന്റ് വടകര മുനിസിപ്പാലിറ്റി ഈ വായനശാലകൾക്ക് കുറെ മാസങ്ങളായിട്ട് കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട സുന്ദരംസ്വാമിക്കും അതിനുശേഷം ശ്രീ. കെ. എം. മാണിക്കും ഇതിനെക്കുറിച്ച് പല കത്തുകളും അയക്കുകയുണ്ടായി. പത്തു ദിവസം മുമ്പ് ഞാൻ അവസാനമയച്ച കത്തിൽ ഗവൺമെന്റ് കല്പനയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും മുനിസിപ്പാലിറ്റി കൽപ്പനയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും പെച്ചിരുന്നു. ഗവൺമെന്റ് കൽപ്പന ഇതുവരെയും റദ്ദാക്കിയിട്ടില്ല, ഇപ്പോഴും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് തുടരേണ്ടതാണെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇന്നും ആ വായനശാലകൾക്ക് കിട്ടേണ്ടതായിട്ടുള്ള ഗ്രാന്റ് കിട്ടിയിട്ടില്ല. 27-ാംതീയതി പ്രസിദ്ധീകരിച്ചിട്ടുള്ള തൃശ്ശൂർ എക്സ്പ്രസ് പത്രത്തിൽ വടകരയിലെ വായനശാലകളെല്ലാം അടച്ചുപൂട്ടുന്നുവെന്നുപറഞ്ഞ് വാർത്ത വന്നിട്ടുണ്ട്. ആ വായനശാലകം ഇപ്പോം അടച്ച സ്ഥിതിയിലാണ്. കാരണം, പത്രങ്ങൾക്ക് കാശ് കൊടുക്കുവാൻ നിവൃത്തിയില്ല; കുടിശ്ശിക വന്നിരിക്കുന്നു. ഇനിയും പത്രങ്ങം കിട്ടുമോ, ഇല്ലയോയെന്നുള്ള സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അപേക്ഷിക്കുവാനുള്ളത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, നഗരസഭയുടേയോ മുനിസിപ്പൽ അഡ്മിനിസ്ട്രേറ്ററുടേയോ ഡയറക്ടറുടേയോ അനുമതികൂടാതെ അനധികൃതമായി കുറെ ഗ്രന്ഥശാല

11a.m.] കൾക്ക് പത്രം വാങ്ങാനായി പണം അടച്ചുകൊടുത്തുകൊണ്ടിരുന്നു. പക്ഷേ അതിൻമേൽ ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായി. ആ ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതാണ് കുഴപ്പമുണ്ടാക്കിയത്. 69,000 രൂപ ഇപ്രകാരം ഗ്രന്ഥശാലകൾക്ക് കൊടുക്കുവാനുണ്ടായിരുന്നു. പക്ഷേ അത് അനധികൃതമായി കൊടുത്തുകൊണ്ടിരുന്നത് വടകര മുനിസിപ്പാലിറ്റിക്കാണ്. ഇത് സംബന്ധിച്ച് വീണ്ടും അത് റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി മുനി

LIBRARY ARCHIVES Kerala Legislative Assembly